പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.91 09-06-2014-ൽ മറുപടിക്ക്

മദ്യാസക്തിക്കെതിരായ ബോധവൽക്കരണം

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ:<br>" അൻവർ സാദത്ത്:<br>" പി. എ. മാധവൻ:<br>" എം. എ. വാഹിദ്: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) മദ്യാസക്തിക്കെതിരായ ബോധവൽക്കരണം നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; | (എ) 2014-15 സാമ്പത്തിക വർഷം മദ്യാസക്തിക്കെതിരായ ബോധവൽക്കരണത്തിനായി ബഡ്ജറ്റിൽ 60 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി തുക ഉപയോഗിച്ച് എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ജില്ലാതലത്തിൽ ലഹരി വിരുദ്ധ സെമിനാർ, ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്, സ്റ്റാളുകൾ, ഘോഷയാത്ര, കൂട്ടഓട്ടം, ഉപന്യാസ മത്സരം, പ്രസംഗ മത്സരം, ഡോക്യുമെന്ററി പ്രദർശനം, സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ വഴി ബോധവൽക്കരണം എന്നിവ സംഘടിപ്പിക്കുവാനും ആദിവാസി -പിന്നോക്ക മേഖലകളിൽ പ്രത്യേക ബോധവൽക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിക്കുവാനും, കെ.എസ്.ആർ.റ്റി.സി. ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിലെ സി.സി.ടി.വി. മുഖേന ലഹരി വിരുദ്ധ ബോധവൽക്കരണ സന്ദേശങ്ങൾ സംപ്രേക്ഷണം ചെയ്യുക, റെയിൽവേ സ്റ്റേഷനുകളിലെ ബോധവൽക്കരണ അനൗൺസ്മെന്റ്, ദൃശ്യ-ശ്രവ്യ അച്ചടി മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണം എന്നീ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. അതോടൊപ്പം സംസ്ഥാന തലത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുന്നതിലേയ്ക്കായി 150 എക്സൈസ് ഉദ്യോഗസ്ഥർക്ക് ബോധവൽക്കരണ പരിശീലന ക്ലാസ് നൽകുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പരിപാടികളുടെ സവിശേഷതകളും പ്രവർത്തന രീതിയും വിശദീകരിക്കുമോ; | (ബി) | ലഹരി വിമുക്ത കേരളം സാക്ഷാത്കരിക്കുന്നതിനായി മദ്യത്തിന്റെ ലഭ്യത കുറയ്ക്കുന്നതിനോടൊപ്പം വർദ്ധിച്ചു വരുന്ന മദ്യാസക്തിയും സാമൂഹ്യ വിപത്തിനെക്കുറിച്ചും ജനങ്ങളെ ബോധവൽക്കരിക്കുക എന്നതാണ് ലഹരി വിരുദ്ധ ബോധവൽക്കരണത്തിന്റെ പരമ പ്രധാനമായ ലക്ഷ്യം. ജില്ലാതല ബോധവൽക്കരണ പ്രവർത്തനങ്ങൾ അതത് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലും, സംസ്ഥാന തലത്തിൽ ഒരു ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്ന പ്രത്യേക ബോധവൽക്കരണ വിഭാഗവുമാണ് ബോധവൽക്കരണം നടപ്പിലാക്കി വരുന്നത്. |
| (സി) | പ്രചാരണങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും ആരുടെയെല്ലാം സഹകരണമാണ് ഇതിനായി പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ? | (സി) | ലഹരി വിരുദ്ധ ബോധവൽക്കരണ പ്രചാരണങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി സന്നദ്ധ സംഘടനകൾ, കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ ഏജൻസികൾ, നാഷണൽ സർവ്വീസ് സ്കീം, സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്നിവയുടെ സഹകരണം പ്രയോജനപ്പെടുത്തുന്നുണ്ട്. |

സെക്ഷൻ ആഫീസർ